വാല്യം: 4 ലക്കം: 2
ജൂൺ 2015

MALABAR CANCER CENTRE
THALASSERY

# അഭയം

## മലബാർ കാൻസർ സെന്റർ വാർത്താപത്രിക



## മലബാർ കാൻസർ സെന്റർ
തലശ്ശേരി, കണ്ണൂർ

# DIRECTOR'S DESK




**2015** ഏപ്രിൽ മുതൽ ജൂൺ വരെയുള്ള എം.സി.സിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ എം.സി.സിയിൽ രക്ത ഘടകങ്ങളുടെ ഇറാഡിയേഷൻ ആരംഭിക്കുവാൻ സാധിച്ചതും പുതിയ ലീനിയർ ആക്സലറേറ്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചു എന്നുള്ളതും എടുത്തുപറയേണ്ടതാണ്. ഗാമാ വികിരണം ഉപയോഗിച്ചുള്ള ഇറാഡിയേഷൻ ആണ് എം.സി.സിയിൽ ആരംഭിച്ചത്. എം.സി.സിയിൽ നടക്കുന്ന ഗവേഷണ പഠനങ്ങളും, സേവനങ്ങളും വിശകലനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി രൂപീകരിച്ച സൈന്റിഫിക് അഡ്വൈസറി കമ്മിറ്റിയുടെ രണ്ടാമത്തെ മീറ്റിങ്ങ് ഈ കാലയളവിലാണ് നടന്നത്. പ്രസ്തുത മീറ്റിങ്ങിൽ എം.സി.സിയുടെ വളർച്ചയ്ക്ക് കാരണമായേക്കാവുന്ന വിഷയങ്ങളെ ആസ്പദമാക്കി ചർച്ചകൾ നടന്നു. ഇത്തരം വിശകലനങ്ങളും ചർച്ചകളും എം.സി.സിയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്.എം.സി.സിയിലെ മെഡിക്കൽ ലൈബ്രറിയുടെ പുരോഗമനം എടുത്തു പറയേണ്ടതാണ്. മെഡിക്കൽ ലൈബ്രറി ഉപയോക്താക്കൾക്ക് ഉപകാര പ്രദമാകും വിധം ലൈബ്രറിയിൽ ലഭ്യമായ മെഡിക്കൽ ജേർണലുകളുടെ മുൻവർഷങ്ങളിലെ പതിപ്പുകൾ ക്രോഡീകരിച്ച് ഇവിടെ സൂക്ഷിക്കുന്നു.

ഹോസ്പിറ്റൽ ജീവനക്കാരെ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോളിനെക്കുറിച്ച് ബോധവാൻമാരാക്കുക എന്ന ഉദ്ദേശത്തോടുകൂടി ഒരുസെമിനാർ എം.സി.സിയിൽ സംഘടിപ്പിക്കാൻ സാധിച്ചു. സമൂഹത്തിൽ നിന്നും ഹാൻസ്, പാൻപരാഗ്, ബീഡി, സിഗരറ്റ് തുടങ്ങിയ അർബുദ കാരണങ്ങളായ ശീലങ്ങളെ അകറ്റുക എന്ന ആശയത്തോടെ എം.സി.സി പ്രസിദ്ധീകരിക്കുന്ന നേതി വാർത്താപത്രികയുടെ (ഇ-നേതി) എട്ടാമത്തെ ലക്കം പ്രകാശനം ചെയ്യാൻ സാധിച്ചത് സന്തോഷകരമാണ്.

അതുപോലെ രക്തദാനത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനു വേണ്ടി എം.സി.സിയിലെ ബ്ലഡ് ബാങ്ക് വിഭാഗം ലോക രക്തദാന ദിനം ആചരിക്കുകയുണ്ടായി. ഈ ചുരുങ്ങിയ കാലയളവിൽ ഗവേഷണ പഠനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് വിവിധ വിഷയങ്ങളിൽ എം.സി.സിയിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളതും അതുപോലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നടക്കുന്ന സെമിനാറുകളിൽ എം.സി.സി യിലെ ജീവനക്കാർ പങ്കെടുക്കുകയും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു എന്നുള്ളതും അഭിനന്ദനാർഹമാണ്.

**ഡോ.സതീശൻ ബാലസുബ്രമണ്യൻ**




# പൾമോകോൺ– 2015 (PULMOCON-2015)

അക്കാഡമി ഓഫ് പൾമനറി ആന്റ് ക്രിട്ടിക്കൽ കെയർ മെഡിസിൻ (PULMOCON-2015) കൊച്ചിയിൽ വച്ച് 2015 മെയ് 8 ന് നടത്തിയ ത്രിദിന കോൺഫറൻസിൽ (പൾമോകോൺ-2015) മലബാർ കാൻസർ സെന്ററിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അമിത് ശ്രീധരൻ പങ്കെടുത്തു.

# ബയോസ്റ്റാറ്റിസ്റ്റിക്സ് ശില്പശാല [SURV-15]

മലബാർ കാൻസർ സെന്ററിലെ ക്ലിനിക്കൽ റിസർച്ച് ആന്റ് ബയോസ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സർവ്-15 എന്ന പേരിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ കൊച്ചി സർവ്വകലാശാലയിലെ പ്രൊഫസർ. പി.ജി ശങ്കരൻ, പ്രൊഫസർ. അനിൽ സി. മാത്യു എന്നിവർ ബേസിക് സർവൈവൽ അനാലിസിസ്, പ്രൊപോഷണൽ ഹസാർഡ് മോഡൽ, ക്യൂർ റേറ്റ് മോഡൽ എന്നീ വിഷയങ്ങൾ പ്രതിപാദിച്ചു. വിവിധ മേഖലയിലുള്ള ഏകദേശം 25 പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

# യൂറോ – ഓങ്കോളജി മീറ്റ്

പഞ്ചാബ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് 2015 ഏപ്രിൽ 26 ന് ജലന്ദറിൽ സംഘടിപ്പിച്ച മൾട്ടി ഡിസിപ്ലിനറി യൂറോ ഓങ്കോളജി മീറ്റിൽ മലബാർ കാൻസർ സെന്റർ മേധാവി ഡോ. സതീശൻ ബാലസുബ്രമണ്യൻ, റേഡിയേഷൻ വിഭാഗം മേധാവി ഡോ. ഗീത എന്നിവർ പങ്കെടുത്തു. പ്രസ്തുത പരിപാടിയിൽ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യൻ പ്രബന്ധം അവതരിപ്പിക്കുകയും പാനൽ ഡിസ്കഷനിൽ പങ്കെടുക്കുകയും ചെയ്തു. വടക്കൻ കേരളത്തിലെ പ്രോസ്റ്റേറ്റ് കാൻസറിനെ അടിസ്ഥാനമാക്കി ഡോ. ഗീത ഗവേഷണ പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു.

# കഹാനി (Knowing About Head and Neck Cancers)

തലയിലും കഴുത്തിലും വരുന്ന അർബുദത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെ മലബാർ കാൻസർ സെന്ററിലെ സർജറി വിഭാഗം പരിശീലന പരിപാടി കഹാനി 2015 (Knowing About Head and Neck Cancers) ജൂണിൽ ആരംഭിച്ചു.







# ഇൻഫെക്ഷൻ കൺട്രോൾ

ഹോസ്പിറ്റൽ ജീവനക്കാരെ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോളിനെക്കുറിച്ച് ബോധവാന്മാരാക്കുക എന്ന ഉദ്ദേശത്തോടുകൂടി മലബാർ കാൻസർ സെന്ററിലെ മൈക്രോ ബയോളജി വിഭാഗം 2015 ഏപ്രിൽ 18 ന് മലബാർ കാൻസർ സെന്ററിലെ കോൺഫറൻസ് ഹാളിൽ വച്ച് സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യൻ ഹോസ്പിറ്റലിൽ ഉണ്ടാകാൻ സാധ്യതയുള്ള അണുബാധകളെക്കുറിച്ച് ആമുഖ പ്രസംഗം നടത്തി. തുടർന്ന് സെന്ററിലെ ഹെമറ്റോളജി വിഭാഗം തലവൻ ഡോ. ചന്ദ്രൻ, മൈക്രോബയോളജി വിഭാഗത്തിലെ വിസിറ്റിംഗ് കൺസൾട്ടന്റ് ഡോ. ഗുൽഫ്രാൻ, മൈക്രോബയോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.സജിനി സാമുവൽ എന്നിവർ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോളിന്റെ അടിസ്ഥാന വിവരങ്ങളെക്കുറിച്ചും പ്രതിരോധിക്കുന്നതിനെക്കുറിച്ചും അതിനുവേണ്ട മുൻകരുതലുകളെപ്പറ്റിയും പ്രതിരോധിക്കുന്നതിനെക്കുറിച്ചും സംസാരിച്ചു. ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനെക്കുറിച്ച് സ്റ്റാഫ് നഴ്സ് ശ്രീമതി. നീതു സംസാരിച്ചു.

## അറോയ് – 2015

ഏപ്രിൽ 18,19 തീയ്യതികളിൽ കൊച്ചിയിൽ വച്ച് നടന്ന കേരള സ്റ്റേറ്റ് ചാപ്റ്റർ അറോയ് മീറ്റിങ്ങിൽ മലബാർ കാൻസർ സെന്ററിലെ റേഡിയേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. വിനിൻ, ഡോ. ജൊനീത ജെയിംസ്, ഡോ. സനുദേവ് സദാനന്ദൻ, ഡോ. തപേഷ് ഭട്ടാചാര്യ എന്നിവർ പങ്കെടുത്തു.



## ആദിവാസി ഊരുകളിൽ അർബുദ നിർണ്ണയക്യാമ്പ്

കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുട്ടിൽ ശ്രീ വിവേകാനന്ദ മെഡിക്കൽ മിഷനുമായി ചേർന്ന് എല്ലാമാസവും വയനാട്ടിലെ ആദിവാസി ഊരുകളിൽ അർബുദ നിർണ്ണയ ക്യാമ്പ് നടത്താൻ തീരുമാനിച്ചു. ആദ്യ കാമ്പ് മെയ് 18,19 തീയ്യതികളിൽ നടന്നു.

## ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അപ്ഡേറ്റ് 2015

ഇന്ത്യൻ സൊസൈറ്റി ഓഫ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ 2015 ജൂൺ 6ന് കെ.എം.സിയിൽ സംഘടിപ്പിച്ച ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അപ്ഡേറ്റ് 2015 കോൺഫറൻസിൽ എം.സി.സിയിലെ ബ്ലഡ് ബാങ്ക് അസോസിയേറ്റ് പ്രൊഫസർ ഡോ. മോഹൻദാസ് പങ്കെടുത്തു. പ്രസ്തുത പരിപാടിയിൽ അക്കാഡമിക് സെഷന്റെ ചെയർപേഴ്സണായിരുന്നു അദ്ദേഹം.




## ഹൈമ (HAIMA)

മലബാർ കാൻസർ സെന്ററിലെ നഴ്സിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ രക്താർബുദ ചികിത്സയിൽ നഴ്സുമാരുടെ പങ്കിനെക്കുറിച്ച് ഹൈമ എന്ന പരിപാടി തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ ഭാരവാഹികളായി ബിജിത.പി, സ്മിത ഗ്രെയ്സ് എന്നിവരെ തെരഞ്ഞെടുക്കപ്പെട്ടു. 3/5/15 ന് നടന്ന ശിൽപശാലയിൽ ഡോ. ചന്ദ്രൻ കെ.നായർ, ഡോ. വിനീത, നഴ്സുമാരായ സിന്ധു.എസ്, റീഷ്ന എന്നിവർ ക്ലാസ്സെടുത്തു. ലിബി ജോർജ് സ്വാഗതവും ബിജിത പി. നന്ദിയും പറഞ്ഞു. നഴ്സിംഗ് ദിന വാരാഘോഷത്തിന്റെ ഭാഗമായിട്ടാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. വിത്തുകോശ ചികിത്സ, രക്താർബുദ ചികിത്സയിലെ പുതിയ പ്രവണതകൾ എന്നിവയെ സംബന്ധിച്ച് ക്ലാസ്സുകൾ നടത്തി. വിത്തുകോശ ചികിത്സ രക്താർബുദത്തിനും മറ്റുചില അർബുദങ്ങൾക്കും, താലസിമിയ , എപ്ലാസ്റ്റിക് അനീമിയ എന്നിവയ്ക്ക് ഫലപ്രദമാണെന്ന് വിദഗ്ദർ വിലയിരുത്തുന്നു. എന്നാൽ പ്രസ്തുത മേഖലയിൽ പരിശീലനം ലഭിച്ച നഴ്സുമാരുടെ അഭാവം ഉണ്ടാക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടു. ജില്ലയിലെ വിവിധ നഴ്സിംഗ് കോളേജുകളിൽ നിന്നും, ആശുപത്രികളിൽ നിന്നും, 138 പേർ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി നടത്തിയ ക്വിസ് പ്രോഗ്രാമിൽ പരിയാരം മെഡിക്കൽ കോളേജിലെ നഴ്സുമാർ സമ്മാനാർഹരായി.

# സൈന്റിഫിക് അഡ്വൈസറി കമ്മിറ്റി മീറ്റിംഗ്



മലബാർ കാൻസർ സെന്ററിലെ ഗവേഷണ പഠനങ്ങളും, സേവനങ്ങളും വിശകലനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി സൈന്റിഫിക് അഡ്വൈസറി കമ്മിറ്റി 2014 ഫിബ്രവരിയിൽ രൂപീകരിച്ചു.

രണ്ടാമത്തെ സൈന്റിഫിക് അഡ്വൈസറി കമ്മിറ്റി മീറ്റിംഗ് 2015 ഏപ്രിൽ 5 ന് ഹോട്ടൽ ഹൈസൺ ഹെറിറ്റേജിൽ (കാലിക്കറ്റ്) വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ എം.സി.സി യിലെ ഗവേഷണ പഠനങ്ങളുടെ പുരോഗമനത്തെക്കുറിച്ചും ഗവേഷണ പഠനത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ചും, കാൻസർ ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായത്തിന്റെ സാധ്യതകളെക്കുറിച്ചും, എം.സി.സി യെ പി.ജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആന്റ് റിസർച്ച് സെന്റർ ആക്കി ഉയർത്തുന്നതിനെക്കുറിച്ചും ചർച്ചചെയ്യുകയുണ്ടായി.

അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡിലെ സയന്റിസ്റ്റ് ഡോ. എം.നെഹ്റു, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമിയോളജിയിലെ ഡെപ്യൂട്ടി ഡയരക്ടർ ഡോ. മനോജ് വി മുർഹേക്കർ, കിഡ്വായി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ഡയറക്ടർ ഡോ. എം. വിജയകുമാർ, അഡയാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ടി.ജി. സാഗർ, ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റലിലെ മെഡിക്കൽ ആന്റ് പീഡിയാട്രിക് ഓങ്കോളജി വിഭാഗം തലവൻ പ്രൊഫസർ. ബെനവാലി, കേരളാ യൂണിവേഴ്സിറ്റിയിലെ റിസർച്ച് ഡീൻ ഡോ. പ്രവീൺ ലാൽ കുട്ടിച്ചിറ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പ്രൊഫസർ. ഡോ.എം. മനോഹരൻ, കണ്ണൂർ യുണിവേഴ്സിറ്റിയിലെ ബയോടെക്നോളജി ആന്റ് മൈക്രോ ബയോളജി വിഭാഗം തലവൻ ഡോ. സി. സദാശിവൻ എന്നിവരാണ് സൈന്റിഫിക് അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ.

# രക്തഘടകങ്ങളുടെ ഇറാഡിയേഷൻ
## (Irradiation of Blood Components)

രക്ത നിവേശനവുമായി ബന്ധപ്പെട്ടുണ്ടായേക്കാവുന്ന ഗ്രാഫ്റ്റ് വേർസസ് ഹോസ്റ്റ് ഡിസീസ് (TAGVHD) എന്ന രോഗാവസ്ഥയെ തടയുന്നതിനുവേണ്ടി ഉപയോഗിക്കുന്ന എക്സറേ അല്ലെങ്കിൽ മറ്റുതരത്തിലുള്ള റേഡിയോ വികിരണത്തിനോ വിധേയമാക്കപ്പെട്ട രക്തമാണ് ഇറാഡിയേറ്റഡ് ബ്ലഡ്. മലബാർ കാൻസർ സെന്ററിൽ ഗാമാ വികിരണത്തെ ഉപയോഗിച്ചുള്ള ഇറാഡിയേഷൻ ആണ് ആരംഭിച്ചിട്ടുള്ളത്.

നിവേശിത രക്തത്തിലെ വെളുത്ത രക്താണുക്കൾ മൂലമുണ്ടാകുന്ന അപൂർവ്വവും എന്നാൽ ഗുരുതരവുമായ രോഗാവസ്ഥയാണ് ഗ്രാഫ്റ്റ് വേർസസ് ഹോസ്റ്റ് ഡിസീസ്. രോഗി സ്വീകരിക്കുന്ന രക്തത്തെ അന്യരക്തമായി തിരിച്ചറിയുകയും ഗുരുതരമായ രോഗാവസ്ഥയിലേക്കും ഈ കോശങ്ങൾ കാരണമാവുന്നു. വളരെ കുറഞ്ഞ എണ്ണം കോശങ്ങൾ പോലും ഇത്തരമൊരവസ്ഥയ്ക്കു കാരണമാവാം.

### ഗാമാ ഇറാഡിയേറ്റർ

ഇറാഡിയേഷൻ വെളുത്ത രക്ത കോശങ്ങളുടെ വിഭജനത്തെ തടയുകയും രക്തസ്വീകർത്താവിനുണ്ടായേക്കാവുന്ന രോഗാവസ്ഥയെ ചെറുക്കുകയും ചെയ്യും. നിലവിൽ രക്ത നിവേശനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഗ്രാഫ്റ്റ് വേർസസ് ഹോസ്റ്റ് ഡിസീസ് അസുഖത്തെ തടയാൻ മറ്റുമാർഗ്ഗങ്ങളില്ല.

എന്നാൽ TAGVHD എന്ന അസുഖം അപൂർവ്വം രോഗികളിൽ മാത്രമേ രൂപപ്പെടാറുള്ളൂ എന്നതിനാൽ എല്ലാ രക്തവും ഇറാഡിയേഷനു വിധേയമാക്കേണ്ടതില്ല.



- രക്ത ബന്ധത്തിൽപെട്ടവരുടെ രക്തം സ്വീകരിക്കുന്ന രോഗികൾ, ഗ്രാനുലോസൈറ്റ് (ഒരു തരം വെളുത്തരക്താണു) ദാതാവ്, എച്ച്.എൽ.എ അനുരൂപ ദാതാവ്.
- പാരമ്പര്യമായി രോഗപ്രതിരോധ വ്യവസ്ഥയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട രോഗമുള്ളവർ.
- ഹോഡ്കിൻസ് ഡിസീസ് പോലുള്ള പ്രതിരോധവ്യവസ്ഥയിലെ തകരാറുമൂലമുള്ള അസുഖങ്ങൾ, മജ്ജ മാറ്റിവെക്കൽ/വിത്തുകോശം മാറ്റിവെക്കൽ ചികിത്സയ്ക്ക് വിധേയരായവർ.
- പൂർണ്ണമായും രക്തം മാറ്റിനൽകേണ്ട (എക്സ്ചേയ്ഞ്ച് ട്രാൻസ്ഫ്യൂഷൻ) രോഗാവസ്ഥയുള്ള ഗർഭസ്ഥ ശിശുക്കൾ, കീമോതെറാപ്പിക്കു വിധേയരാകുന്ന രോഗികൾ, പ്യൂരിൻ അനലോഗ് (ഫ്ളൂഡറാബിൻ, ക്ലോഫാബ്രിൻ, ഡീ ഓക്സികോഫോർമൈസിൻ).

ചുവന്ന രക്താണുക്കൾ, പ്ലേയ്റ്റ്ലറ്റുകൾ എന്നിവ ആവശ്യമായിവരുന്ന സന്ദർഭത്തിൽ TAGVHD സാധ്യതയുള്ള രോഗികൾക്ക് മാത്രം. ഇറാഡിയേഷൻ വിധേയമാക്കിയ രക്തം നൽകേണ്ടതുള്ളൂ. പ്ലാസ്മ ഘടകങ്ങളായ ഫ്രഷ് ഫ്രോസൺ പ്ലാസ്മ TAGVHD ക്ക് കാരണമാകുന്നില്ല. അതുകൊണ്ടുതന്നെ ഇത് ഇറാഡിയേറ്റുചെയ്യേണ്ട ആവശ്യകതയില്ല. ഇറാഡിയേഷൻ ചെയ്യുന്നതുവഴി രക്തം സൂക്ഷിച്ചുവെക്കാനുള്ള കാലാവധികുറയ്ക്കുന്നു. പക്ഷേ പ്ലേറ്റ്ലെറ്റുകളുടെ കാര്യത്തിൽ ഇത് ബാധകമല്ല. ഇറാഡിയേറ്റ് ചെയ്ത രക്തവും, പ്ലേറ്റ്ലെറ്റുകളും ഇറാഡിയേറ്റ് ചെയ്യാത്ത രക്തഘടകങ്ങളുടെപോലുള്ള പ്രയോജനമാണ് നൽകുന്നത്. രക്ത ദാനം ഒരിക്കലും റേഡിയോ അക്റ്റീവ് ആകുന്നില്ല. അതുകൊണ്ടുതന്നെ രക്തദാനം ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല.



ഇറാഡിയേഷന് മുമ്പ്



ഇറാഡിയേഷന് ശേഷം



# എം.സി.സി: വേദനരഹിത കാൻസർ ആശുപത്രി

വേദന രഹിതമായ ജീവിതം ആശിക്കാത്ത മനുഷ്യരില്ലല്ലോ. അർബുദമെന്നാൽ വേദനയാണെന്നും അത് സഹിക്കേണ്ടത് തന്നെയാണെന്നും പൊതു സമൂഹം ഇന്നും കരുതുന്നു. വേദനാരഹിതമായ ജീവിതം ഏവരുടേയും അവകാശമാണെന്നിരിക്കെ ഇത് പ്രാവർത്തികമാക്കേണ്ട ഉത്തരവാദിത്വം തങ്ങളുടേതെന്ന തിരിച്ചറിവാണ് മലബാർ കാൻസർ സെന്ററിലെ ഡോക്ടർമാരും നഴ്സുമാരും കാൻസർ പാലിയേറ്റീവ് മെഡിസിൻ വിഭാഗവും സംയുക്തമായി പെയിൻ ഫ്രീ ഹോസ്പിറ്റൽ എന്ന ആശയവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചത്.

വേദനവിമുക്തമായ ദിനങ്ങൾ തിരിച്ചുനൽകി മെച്ചപ്പെട്ട ജീവിത നിലവാരം പ്രാപ്തനാക്കാൻ സഹായിക്കുക എന്നതാണ് 'വേദന വിമുക്ത ആശുപത്രി' എന്നതിന്റെ ലക്ഷ്യം. വേദന സംഹാരികളെക്കുറിച്ച് പൊതു സമൂഹത്തിനും ഡോക്ടർമാർ, നഴ്സുമാർ, മറ്റു പാരാമെഡിസിൻ സ്റ്റാഫുമാർ എന്നിവർക്കിടയിലും ഒരു പാട് ആശങ്കയുണ്ട്. ഇതെല്ലാം ദൂരീകരിച്ച് രോഗികളുടേയും, ബന്ധുക്കളുടേയും ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകാൻ പ്രാപ്തരാവണമെങ്കിലും രോഗിയുടെ അവസ്ഥയനുസരിച്ച് വേദനാസംഹാരികൾ നൽകുന്നതിനും ആവശ്യമായ പരിജ്ഞാനം നൽകുക എന്നതാണ് ഇതിന്റെ പ്രാരംഭ ഘട്ടത്തിൽ ആരംഭിച്ചത്. സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യന്റെ ഈ ആശയം വേദനയോട് പൊരുതുന്ന പല രോഗികൾക്കും പുതു വെളിച്ചമായിതീർന്നുവെന്ന് നിസ്സംശയം പറയാൻ സാധിക്കും. ഇതെത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയും എന്നത് നഴ്സുമാരെ സംബന്ധിച്ച് ഒരു വെല്ലുവിളി തന്നെയായിരുന്നു. ഓങ്കോളജി നഴ്സിംഗ് വിഭാഗത്തിന്റെയും ഡോക്ടർമാരുടേയും പെയിൻ ആന്റ് പാലിയേറ്റീവ് വിഭാഗത്തിന്റെയും ശക്തമായ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നഴ്സുമാരുടെ കഠിനാദ്ധ്വാനവും കൊണ്ട് വേദന വിമുക്ത ആശുപത്രി എന്ന ആശയത്തിന്റെ ലക്ഷ്യപ്രാപ്തി അതി വിദൂരമല്ലാതാക്കാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യത്തോടെ പറയാൻ കഴിയും.

നിരന്തരമായ ബോധവൽക്കരണ ക്ലാസ്സുകളിലൂടെ വേദനയും, കാരണങ്ങളും, വേദന സംഹാരികളും അവയുടെ ഉപയോഗങ്ങളും, ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും എന്ന് വേണ്ട വിജ്ഞാന പ്രദമായ ഒരുപാട് കാര്യങ്ങളിലൂടെ നഴ്സുമാർക്ക് കടന്നുപോകാൻ കഴിഞ്ഞു എന്നത് ആത്മ വിശ്വാസം നൽകുന്ന വസ്തുതയാണ്.

വേദനയെന്നത് കൃത്യമായ അളവുകോലില്ലാത്ത ഒരു വസ്തുതയാണെന്നിരിക്കെ ആ വേദനയെ കൃത്യമായ അളവുകോലിലാക്കി ചിട്ടയായ മരുന്നുകളിലൂടെയും അത് രേഖപ്പെടുത്തുന്നതിലൂടെയും ഒരു മാതൃകയാവാൻ എം.സി.സിക്ക് കഴിഞ്ഞുവെന്നതും നമ്മുടെ ഒരു വലിയ നേട്ടം തന്നെയാണ്. വേദനയുടെ തോത് നിർണ്ണയിക്കുന്നതിന് പല സംവിധാനങ്ങളും നിലവിലുണ്ട്. അതിലൊന്നാണ് പെയിൻ സ്കെയിൽ. ഈ സ്കെയിലിൽ 0 മുതൽ 10 വരെ അടയാളപ്പെടുത്തിയിട്ടുണ്ടാകും.



0 എന്നാൽ ഒട്ടും വേദനയില്ലാത്ത അവസ്ഥയും 10 എന്നാൽ സഹിക്കാവുന്നതിൽ ഏറ്റവും വേദനയുമായി കണക്കാക്കുന്നു. രോഗി അഡ്മിറ്റാകുമ്പോൾ തന്നെ കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നു. അതിനുശേഷം സ്കെയിൽ കാണിച്ച് എത്ര വേദന അവർക്കുണ്ട് എന്ന് തൊട്ട് കാണിച്ച് തരാൻ പറയും. അത് നഴ്സുമാർ പെയിൻ ട്രാക്കർ എന്ന ചാർട്ടിൽ രേഖപ്പെടുത്തും. ഒരു ദിവസം കുറഞ്ഞത് നാലു തവണയെങ്കിലും വേദന രേഖപ്പെടുത്തുകയും അതനുസരിച്ച് വേദനയുടെ ഗുളികകൾ ക്രമീകരിക്കുകയും അവർക്ക് അത് നൽകുകയും ചെയ്യുന്നു. മാസത്തിലൊരിക്കൽ വേദനയുടെ ശരാശരി കണക്കാക്കുകയും ഇത് രോഗികളുടെ ജീവിത നിലവാരത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്തുകയും ചെയ്യുന്നു. മാസാവസാനങ്ങളിൽ തിട്ടപ്പെടുത്തുന്ന ശരാശരിയുടെ അളവ് വിലയിരുത്തുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. ഏതെങ്കിലും മാസങ്ങളിൽ വേദനയുടെ കാഠിന്യം വർദ്ധിച്ചതായി ശ്രദ്ധയിൽ പെട്ടാൽ അതിന്റെ കാരണം കണ്ടുപിടിച്ച് കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.

മോർഫിൻ പോലെയുള്ളവ മയക്കു മരുന്നുളുടെ കൂട്ടത്തിൽ നിന്നുള്ളവയാണെങ്കിലും വേദനയനുഭവിക്കുന്നവരിൽ ഇവയ്ക്ക് മയക്കുമരുന്നിന്റേതായ ബുദ്ധിമുട്ടുകൾ ഉണ്ടാവില്ലെന്നും അത് വളരെ സുരക്ഷിതമായ ഒന്നാണെന്നുമുള്ള അറിവ് തന്നെ നമ്മുടെ ആശുപത്രിയിൽ മോർഫിന്റെ ഉപയോഗത്തിന്റെ അളവിൽ ഗണ്യമായ വർദ്ധനയ്ക്ക് കാരണമായി.

വേദനയെന്നത് ഒരാളുടെ ശാരീരികമായ ബുദ്ധിമുട്ടുകൾ കൊണ്ടുമാത്രം സംഭവിക്കാവുന്ന ഒന്നല്ല. മറിച്ച് അയാളുടെ തന്നെ സാമൂഹികവും, ആത്മീയവും മാനസികവുമായ വൈഷമ്യങ്ങൾ വെദനയിലേക്ക് നയിക്കുന്നു എന്ന് ആധുനിക വൈദ്യശാസ്ത്രം നമ്മെ ഉദ്ബോധിപ്പിക്കുന്നു. വേദന അനുഭവിക്കേണ്ടതല്ല അത് നാം മനസ്സറിഞ്ഞ് മാറ്റിയെടുക്കേണ്ടതാണെന്ന നിശ്ചയ ദാർഢ്യം നമുക്ക് മുമ്പിലുണ്ടെങ്കിൽ ഒരാളുടെ വേദന ഏറെക്കുറെ ഇല്ലാതാക്കാൻ തന്നെ സാധിക്കും.

വേദനയെന്ന അസുഖകരമായ അവസ്ഥ അർബുദ പരിചരണത്തിന്റെ അകലത്തിൽ രോഗികൾക്ക് അവർ ആഗ്രഹിക്കുന്ന മെച്ചപ്പെട്ട ജീവിതം പ്രാപ്തമാക്കാൻ പര്യാപ്തമാണ്. നിലവിലുള്ള 'പെയിൻ ഫ്രീ ഹോസ്പിറ്റൽ' എന്ന ആശയമെന്നും ഇത് പ്രാവർത്തികമാക്കാൻ പ്രതിജ്ഞാബദ്ധരാണ് എം.സി.സിയിലെ ഓങ്കോളജി നഴ്സിങ്ങ് വിഭാഗം എന്നും നമുക്ക് സന്ദേഹമില്ലാതെ പറയാൻ കഴിയും.

# നേതി വാർത്താ പത്രികാ പ്രകാശനം



നേതി വാർത്താ പത്രികയുടെ 8-ാം ലക്കത്തിന്റെ പ്രകാശനം ചാലക്കര ഉസ്മാൻ വായശാലയിൽ 2015 ഏപ്രിൽ 25ന് മാഹി സബ്ഇൻസ്പെക്ടർ ശ്രീമതി.മേരി ഡേവിസ് നിർവ്വഹിച്ചു. പ്രമുഖ അദ്ധ്യാപകൻ ശ്രീ. രാജൻ മാസ്റ്റർ, ശ്രീ.ചാലക്കര പുരുഷു, ശ്രീ. മേജർ ഗോവിന്ദൻ മാസ്റ്റർ, ശ്രീ. പ്രദീപ ് മാസ്റ്റർ, ഡോ. വി. രാമചന്ദ്രൻ മാസ്റ്റർ. ശ്രീ.ദയാനന്ദൻ മാസ്റ്റർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഡോ. നീതു, ഡോ. ഫിൻസ് തുടങ്ങിയവർ പുകയില വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. തുടർന്ന് പുകയില വിരുദ്ധ ഹ്രസ്വചിത്രം പ്രദർശിപ്പിച്ചു.

## ഇ – നേതി പ്രകാശനം

നേതി വാർത്താപത്രികയുടെ ഇന്റർനെറ്റ് പതിപ്പിന്റെ പ്രകാശന കർമ്മം 20-06-15 ന് മന്ത്രി ശ്രീ. കെ.പി മോഹനൻ നിർവ്വഹിച്ചു. ഇനി ലോകത്തെവിടെയുള്ളവർക്കും നേതി മലബാർ കാൻസർ സെന്ററിന്റെ വെബ്സൈറ്റിലൂടെ വായിക്കാവുന്നതും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. മുൻ ലക്കങ്ങളും ലഭ്യമാണ്.



## ലോക പുകയില വിരുദ്ധ ദിനാചരണം

ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മെയ് 29,30,31 തീയ്യതികളിൽ കണ്ണൂർ മഹാത്മാ മന്ദിരത്തിൽ വെച്ച് പുകയില സംബന്ധ ആരോഗ്യ പ്രദർശനം സംഘടിപ്പിച്ചു. കണ്ണൂർ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി റോഷ്ണി ഖാലിദ് ഉദ്ഘാടനം നിർവ്വഹിച്ചു.

## പുകയില നിയന്ത്രണത്തിൽ ഏകദിന ശിൽപ്പശാല

കണ്ണൂർ പാലയാട് ഡയറ്റിൽ വച്ച് തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ അദ്ധ്യാപകർക്കായി ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. പുകയില നിയന്ത്രണ ശിൽപ്പശാല തലശ്ശേരി സബ് കളക്ടർ ശ്രീമതി ഡോ. നവജ്യോത് ഖോസ ഐ.എ.എസ്. നിർവ്വഹിച്ചു. 22/6/15 ന് നടന്ന ചടങ്ങിൽ തലശ്ശേരി ഡി.ഇ.ഒ ശ്രീമതി.ശോഭന അദ്ധ്യക്ഷത വഹിച്ചു. ഡോ. നീതു, ഡോ.ഫിൻസ് എന്നിവർ ക്ലാസ്സുകൾ എടുത്തു.

# ലോക രക്തദാതാ ദിനാഘോഷം




ABO രക്തഗ്രൂപ്പ് സമ്പ്രദായം കണ്ടുപിടിച്ച Karl steiner ന്റെ ജന്മദിനമായ 'ജൂൺ 14' എല്ലാ വർഷവും ലോകമൊട്ടാകെ ലോക രക്തദാതാക്കളുടെ ദിനമായി ആചരിക്കുന്നു. രക്ത ദാനത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനോടൊപ്പം സന്നദ്ധ രക്തദാനത്തിലേർപ്പെടുന്ന വ്യക്തികളെ അവരുടെ മഹത്കർമ്മത്തിൽ അഭിനന്ദിക്കുക എന്ന ഉദ്ദേശത്തോടെയും 2004 മുതൽ ഈ ദിനം ആചരിക്കാൻ തുടങ്ങി.

ആവശ്യമായ വ്യക്തികൾക്ക് 'ജീവരക്ഷാ സമ്മാനം' ആയ രക്തം നൽകുന്നവർ എന്ന നിലയ്ക്ക് രക്തദാതാക്കളാണ് ഈ ദിനത്തിലെ സുപ്രധാന റോൾ നിർവ്വഹിക്കുന്നത്.
'എന്റെ ജീവൻ രക്ഷിച്ചതിന് നന്ദി ' എന്നാണ് ഈ വർഷത്തെ പ്രചാരണ സന്ദേശം. രക്തദാനത്തിലൂടെ ദിനംപ്രതി നിരവധിപേരുടെ ജീവൻ രക്ഷിക്കുന്ന രക്തദാതാക്കൾക്ക് നന്ദി രേഖപ്പെടുത്തുന്നതിനും 'സ്വതന്ത്രമായ് നൽകൂ കൂടെ കൂടെ നൽകൂ ' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് സന്നദ്ധമായും സ്ഥിരമായും രക്തദാനം ചെയ്യാൻ ലോകത്തെമ്പാടുമുള്ള ജനങ്ങളെ ശക്തമായി പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് ഈ സന്ദേശത്തിന്റെ മുഖ്യ ഊന്നൽ

മലബാർ കാൻസർ സെന്റർ രക്തദാന ദിനാചരണത്തിന്റെ ഭാഗമായി 15 പ്രാവശ്യത്തിൽ കൂടുതൽ രക്തദാനം ചെയ്ത 12 ഓളം രക്തദാതാക്കളേയും രക്തദാന ക്യാമ്പുകളുടെ സംഘാടകരേയും ആദരിക്കുകയുണ്ടായി. കൂടാതെ 'എന്റെ ജീവൻ രക്ഷിച്ചതിന് നന്ദി' എന്ന പ്രമേയത്തെ ആസ്പദമാക്കി ഒരു ചിത്രരചനയും സംഘടിപ്പിച്ചു. മത്സരത്തിൽ മലബാർ കാൻസർ സെന്ററിലെ ജീവനക്കാരും, രോഗികളും പങ്കെടുത്തു.





# നഴ്സസ് വാരാഘോഷം

ആധുനിക നഴ്സിങ്ങിന്റെ മാതാവായ ഫ്ളോറൻസ് നൈറ്റിഗേലിന്റെ ജന്മദിനമായ മെയ് -12 മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി നഴ്സിങ്ങ് വിഭാഗം നഴ്സസ് വാരാഘോഷമായാണ് സംഘടിപ്പിച്ചത്. സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

വ്യത്യസ്തമായ കലാകായിക മത്സരങ്ങളും, ചിത്രരചന, കഥ, കവിത, ഉപന്യാസം എന്നീ മത്സരങ്ങൾക്കും പുറമേ പരിപാടികളുടെ മുഖ്യ ആകർഷണമെന്നത് അർബുദ ചികിത്സയെക്കുറിച്ചും, പരിചരണങ്ങളുടെ വിവിധ വശങ്ങളെക്കുറിച്ചുമുള്ള നഴ്സുമാരുടെ പഠനങ്ങളുടെ ഏഴു ദിവസം നീണ്ട അവതരണമായിരുന്നു. സൂചിയുടേയും സിറിഞ്ചിന്റെയും ലോകത്തെ മാലാഖ എന്ന പരമ്പരാഗത ചിന്താഗതിയുടെ പൊളിച്ചെഴുത്തിനായി അക്ഷീണം പ്രയത്നിച്ച് സ്വതന്ത്രമായി ചിന്തിക്കാനും നഴ്സിങ്ങ് എന്നാൽ രോഗികളുടെ വിവിധ തലങ്ങളിലുള്ള സൂക്ഷ്മ നിരീക്ഷണവും ആത്മാർത്ഥ പരിചരണവുമാണെന്ന് സ്വയം മനസ്സിലാക്കാനും, മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനും അക്ഷീണം യത്നിക്കുന്ന ആത്മവിശ്വാസമുള്ള ഒരു പറ്റം നഴ്സുമാർ എം.സി.സിയ്ക്കുണ്ടെന്നത് അഭിമാനാർഹമായ മാറ്റമാണെന്നും, നഴ്സിങ്ങ് എന്നത് വെറുമൊരു ജോലി എന്നതിനു പുറമേ ആത്മസാക്ഷാത്കാരത്തിന്റെ അനിർവ്വചനീയമായ മാർഗ്ഗമാണെന്നുമുള്ള തിരിച്ചറിവ് അത്യന്തം സന്തോഷദായകമായിരുന്നു. ഓങ്കോളജി നഴ്സിങ്ങ് വിഭാഗത്തിന് കീഴിൽ വരുന്ന ഓരോ വ്യക്തികളും തങ്ങളുടെ വ്യക്തിപരമായ എല്ലാ ആവശ്യങ്ങൾക്കും വിരാമമിട്ട് ഒരാഴ്ച ഒന്നിച്ചു കകൂടിയത് കൂട്ടായ്മയുടെ കൂട്ടുത്സവത്തിന് മാറ്റുകൂട്ടി.

തിരക്കേറിയ ജീവിതം നൽകുന്ന സമ്മർദ്ദങ്ങൾക്കിടയിൽ മാറ്റിവെയ്ക്കപ്പെടുന്ന സ്വന്തം സന്തോഷങ്ങൾക്കായി സംഘടിപ്പിച്ച വിനോദയാത്ര ഏവർക്കും വിഭിന്നമായ ഒരനുഭവമായിരുന്നു. വയനാടിന്റെ വന്യ സൗന്ദര്യം മതിമറന്നാഘോഷിച്ച എല്ലാവരും മതിമറന്നാസ്വദിച്ചു.

നഴ്സസ് ദിനമായ മെയ്-12 കണ്ണൂർ, ജില്ലാ സബ് കളക്ടർ ഡോ.നവജ്യോത് ഖോസെ ഉദ്ഘാടനം ചെയ്തു. സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ അദ്ധ്യക്ഷനും തലശ്ശേരി ഗവ;ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ: രാജീവൻ മുഖ്യാതിഥി ആയിരുന്നു.

ഹെഡ് നഴ്സ് ലിബി ജോർജ് ചൊല്ലിക്കൊടുത്ത പ്രതിജ്ഞ കൈയിൽ ദീപവുമേന്തി നഴ്സുമാർ ഏറ്റുചൊല്ലി. നഴ്സുമാർ തയ്യാറാക്കിയ മാഗസിൻ 'സ്പർശം' സ്റ്റാഫ് നഴ്സ് സിന്ധു എൻ. ആർ തയ്യാറാക്കിയ 'ലിംഫെഡിമ കെയർ' 'സ്റ്റോമ പരിചരണം' എന്നീ കൈ പുസ്തകങ്ങളും സബ് കലക്ടർ പ്രകാശനം ചെയ്തു. ഡോ. രാജീവൻ പുസ്തകങ്ങൾ ഏറ്റുവാങ്ങി. എം.സി.സിയിലെ മുഴുവൻ നഴ്സുമാരും നൽകിയ അവയവ ദാന സമ്മത പത്രം സെന്റർ ഡയറക്ടർ, ഡോ. രാജീവന് കൈമാറി.

മികച്ച നഴ്സുമാർക്കുള്ള അവാർഡ് ശ്രീമതി. നവമി.ടി.സി, സിന്ധു.എൻ.ആർ,ശ്രീലത.എൻ എന്നിവർ സബ് കളക്ടറുടെ കൈയ്യിൽ നിന്നും ഏറ്റുവാങ്ങി. വിവിധ മത്സരങ്ങളുടെ സമ്മാന ദാനം ഡോ.രാജീവൻ നിർവ്വഹിച്ചു.

നഴ്സിങ്ങ് സൂപ്രണ്ട് ശ്രീമതി. ആനറ്റ് ഫെർണാണ്ടസ് സ്വാഗതവും, ഹെഡ് നഴ്സ് ഷൈനി.എ.എഫ് നന്ദിയും പറഞ്ഞു.

# മലബാർ കാൻസർ സെന്റർ

## തലശ്ശേരി, കണ്ണൂർ ജില്ല, കേരളം

ഫോൺ: 0490 2355881 ഫാക്സ്: 0490 2355880 ഇ–മെയിൽ: mcctly@gmail.com വെബ്: www.mcc.kerala.gov.in



**Chief Editor:** Dr. B.Satheesan, Director, MCC I **Editorial Team:** Dr. Saina Sunilkumar, Bindu T, Ratheesan K, Sheena E I **Design & Layout:** Co-op. Press, Kannur-2 I **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103. Phone: 0490 2355 881 I Fax: 0490 2355880 I Web: www.mcc.kerala.gov.in I For private circulation only. I **Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com